മാന്യ സഹോദരി ഉമ്മു മുഅ്മിന അറിയുന്നതിന്,,
താങ്കൾ ചോദിച്ച മൂന്ന് ചോദ്യങ്ങൾക്കും വ്യക്തമായ തെളിവുദ്ധരിച്ചുകൊണ്ടാണ് ഈകുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ പറഞ്ഞിട്ടുള്ള സത്യങ്ങൾ താങ്കൾഉൾക്കൊള്ളാൻ തയ്യാറാവുമെന്ന് പ്രതീക്ഷിക്കുന്നു. വൈരാഗ്യവും വിദ്വേശവുംഒഴിവാക്കി സത്യം ആര് പറഞ്ഞാലും അതുൾക്കൊള്ളുന്ന ഒരു മനസ്ഥിതി നമുക്കുണ്ടായിരിക്കണം. നാം പരസ്പരം പോരടിക്കേണ്ടവരല്ല. അല്ലാതെ തന്നെ പലവിഷയങ്ങളും നമുക്ക് ദീനീ ദഅ്വത്തിൻെറ മാർഗ്ഗത്തിൽ ചെയ്യേണ്ടതുണ്ട്. ഈ വിനീതൻ തന്നെ പ്രധാനപ്പെട്ട ഒന്ന് രണ്ട് വിഷയങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കെയാണ് താങ്കളുടെ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളമെയിൽ വന്നത്. തൽക്കാലം അത്മാറ്റി വെച്ച് ഈ തർക്കത്തിലേക്ക്  ഇടപെട്ടത്. സത്യത്തിനെതിരായ കുപ്രചരണം നടക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കാൻ ഒരു സത്യവിശ്വാസിക്ക് സാധ്യമല്ല. അല്ലാഹു നമ്മെ സത്യത്തിൽ ഒരുമിച്ചു കൂട്ടട്ടെ. ആമീൻ.

## താങ്കൾ അയച്ച ചോദ്യങ്ങൾ

===========================

1) മുജാഹിദു കാരോടും, ജമത് കാരോടും സലാം ചൊല്ലാന്പാടില്ല, കൂട്ടത്തില്സ്ത്രീകളോടും
,ഞാന്മനസ്സിലാക്കിയിരിക്കുന്നത് പ്രവജക പ്രഭു പഠി പിച്ച ഒരു കാര്യം ആണ് നിങ്ങള്സലാം
വര്ധിപിക്കുക, പരസ്പരം, ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമില്നിന്ന് കിട്ടാനുള്ള
അവകാശങ്ങളില്ഒരു അവകാശം ആണ് സലാം ചൊല്ലല്അത് മടക്കല്
എന്നാല്റസൂല്കരീം (സ) തങ്ങളുടെ ആചര്യ അതെ പടി ഹറ മകിയത്   എന്തിനാണ്?

===========================

2) സ്ത്രീകളുടെ വിദ്യാഭ്യാസം ഹരാമാകിയത് എന്ത്
കാരണത്താല്, ആണ്, അതിന്റെ പേരില്  എത്ര മുസ്ലിം സഹോദരി മാര്ഇരുട്ടിന്റെ
അകത്തേക്ക് തള്ള പെട്ട് ഓരോ മുസല്മാനും വിദ്യ അഭ്യസികല്ഏറ്റവും നല്ല
പുണ്ണ്യമായി കണ്ട അഷറഫുള്ഹല്ക് നബീ കരീം (സ) തങ്ങളുടെ അനുയായികള്എന്ന്
പറയുന്ന നിങ്ങള്അവിടന്ന് പറയാത്ത പഠിപികാത്ത കാര്യങ്ങളില്സ്വോന്തമായി ഫതുവ
ഇറക്കാന്ആരു അധികാരം തന്നു നിങ്ങള്ക്ക്?

======================

3) ഒരു പാട് മുസ്ലിം സഹോദരി മാരുടെ മാനത്തിനു വില പറഞ്ഞു കൊണ്ട്
മുസ്ലിം സഹോദരി മാരെയും അവരുടെ മാതാ പിതകളെയും കണ്ണ് നീര്
കുടിപിച്ചു പല സഹോദരി മാരെയും അനാശാസ്യ പ്രവര്തിയിലേക്ക് വളരെ തള്ളി വിട്ട
ഏറ്റവും നീജ മായ ഒരു ഫതുവ് ആണ് സ്ത്രീധനം ഹലാലകിയ ഭീകര നടപടി, ഏഴു
വന് ദോഷങ്ങളില്പലിശക്ക് തുല്ലയ് മായ വന്ദോഷം .ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിന്റെ അടിവേരില്കത്തി വെച്ച ഈ നടപടി എങ്ങിനെ ന്യായീകരിക്കാന്കഴിയും പ്രിയമുള്ള ബഹുമാനം ഉള്ള ഉസ്താതുമാരെ അവിടത്തെ ശിഷ്യന്മാരെ,
ഇതിനു മറുപടി പറയാന്കഴിയുമോ,

===================

www.islamkerala.com

മുസ്ലിം സ്ത്രീകള് വിദ്യ അഭ്യസികുന്നത് ഹറാം വിശുദ്ധ ഖുര് ആന് പഠിക്കാന് പാടില്ല അവള് ഖുര്ആന് ഓതല് ഹറാം, അവള്. മുസ്ലിം സ്ത്രീയ വെറും ലൈംഗീക ആവശ്യത്തിനു മാത്രം ഉപയോഗിച്ചിരുന്ന ഒരു കാലം ഈ കേരള കരയില്ഉണ്ടായിരുന്നു, ഭൂമിയിലെ നികിര്ഷ്ട ജീവികളായ സുന്നികളും സുന്നി പണ്ഡിതരും .
ഇന്ന് മുസ്ലിം സ്ത്രീക്ക് അവളുടെ അഭിമാനവും,അവളുടെ
ചാരിത്രവും ,പഠിക്കാന് ഉള്ള അവകാശവും വിശുദ്ധ ഖുര്ആന്ഹാഫിള് ആകാന് ഉള്ള അവസരവും കിട്ടിയത് സലഫി പ്രസ്ഥാനം (ഇസ്ലാഹി പ്രസ്ഥാനം) റബ്ബി ഇന്റെ അനുഗ്രഹത്താല് ഈ കേരളകരയില് പ്രവര്ത്തിച്ചു തുടങ്ങിയ അന്ന് മുതല് ആണ്, അല്ഹമ്ദുലില്ല
സര്വ സ്തുതിയും റബ്ബി നു മാത്രം
=====================

# താങ്കൾ ചോദിച്ച ചോദ്യങ്ങൾക്കുള്ള മറുപടി

## വിഷയം (1) മുജാഹിദ് ജമാത്ത് കാരോട് സലാം പറയൽ

മുജാഹിദ് ജമാഅത്ത്ഇസ്‌ലാമി തുടങ്ങിയ ബിദഈ കക്ഷികൾക്ക് സലാം പറയാൻ പാടില്ല എന്നുള്ളത് ബഹു: കാന്തപുരം അബൂബക്കർ മുസ്‌ലിയാരോ അദ്ദേഹത്തിൻെറ ശിഷ്യന്മാരോ ഉണ്ടാക്കിയതല്ല. അത് സമസ്തയുടെ രൂപീകരണ കാലം തൊട്ടുള്ളനയമാണ്. ബിദഇകളോട് സലാം പറയാൻപാടില്ല എന്നത് പൂർവീക ഇമാമീങ്ങളുടെ പാതയുമാണത്. അവരുംതന്നെ സ്വന്തംപോക്കറ്റിൽ നിന്നുണ്ടാക്കിയതല്ല.

സലാം പറയാത്തതിൻെറ കാരണം മുജാഹിദുകളും ജമാഅത്തും കാഫിറുകളാണ് അല്ലെങ്കിൽ മുശ്‌രിക്കുകളാണ് എന്നത് കൊണ്ടല്ല, മറിച്ച് ഇസ്‌ലാമിൽ ഭിന്നിപ്പിൻെറ വിത്ത്പാകിയ ബിദഇകളെ ബഹിഷ്കരിക്കുക എന്നതാണ് അത് കൊണ്ട് ലക്ഷ്യം വെക്കുന്നത്.

പരിശുദ്ധ ഇസ്‌ലാം അത്പൂർവീകരിലൂടെ ലഭിക്കുന്നത് മാത്രമാണ് സത്യം. പൂർവീകരെ ചീത്ത വിളിച്ച് അവരുടെ വഴിയെ തള്ളിപ്പറഞ്ഞ് പുതുതായി ഉണ്ടാക്കിയ മതമാണ് മുജാഹിദിൻെറയും ജമാഅത്ത് ഇസ്‌ലാമിയുടെയും വഴി, അത് കൊണ്ട്തന്നെ അതിനെ ഇസ്‌ലാമിക രീതിയിൽ ബഹിഷ്കരിക്കേണ്ടത് ആവശ്യമാണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. ആബഹിഷ്കരണമാണ് അവരോട് സലാം ചൊല്ലാത്തതും അവർ പറഞ്ഞ സലാമിന് തിരിച്ച് സലാം മടക്കാത്തതും. അല്ലാതെ അവർ ഇസ്‌ലാമിൽ നിന്ന് പുറത്ത്പോയി എന്നുള്ളത് കൊണ്ടല്ല. പിന്നെ അവർ ബിദഇകളിൽ പെട്ടവരാണ് എന്നതിന് അവർചെയ്യുന്നതും പ്രസംഗിക്കുന്നതും ഒക്കെത്തന്നെ ബിദ്അത്താണ്. പുത്തൻവാദം അവർക്കുള്ളത്കൊണ്ടാണല്ലോ ഇമാമീങ്ങ

www.islamkerala.com

ളടക്കമുള്ള പൂർവ്വീകരെ അവർതള്ളുന്നതും അവരെ ചീത്തപറയുന്നതും, ഇതിനേക്കാൾ വലിയ തെളിവ് എന്ത് വേണം ?
ഇനി നമുക്ക് നോക്കാനുള്ളത് പ്രവാചകൻ മുഹമ്മദ്(സ) എന്തെങ്കിലും കാരണത്തിൻെറ പേരിൽ അവിടെത്തെ സ്വഹാബികളിൽനിന്ന് ആരെയെങ്കിലും ബഹിഷ്കരിക്കുകയോ അവരോട് സലാം പറയാതിരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നുള്ളതാണ്. കാരണം ഇത് രാഷ്ട്രീയമല്ലല്ലോ.

وَمَآ آتَاكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَٱنتَهُوا

പ്രവാചകൻ(സ) എന്ത് കാണിച്ച് തന്നുവോ അത് സ്വീകരിക്കുകയും അവിടെന്ന് എന്ത് വിരോധിച്ചുവോ അത് വെടിയുകയും ചെയ്യണമെന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ സുന്നികൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ദീനിൽ തെളിവ് കാണാൻ സാധിക്കും,, ഏതെങ്കിലും മൗലവിമാർ മന:പാഠമാക്കിവെച്ചതിൻെറ പിന്നാലെ പോയാൽ ഒന്നും തിരിയാതെ നട്ടം തിരിയുന്ന അവസ്ഥയായിരിക്കുമുണ്ടാവുക.
നബി(സ) തബൂക് യുദ്ധത്തിനു സ്വഹാബത്തിനെ പറഞ്ഞയക്കുകയുണ്ടായി പക്ഷേ, അതിൽ നിന്ന് മൂന്ന് സ്വഹാബികൾ യുദ്ധത്തിന് പോയില്ല.

كعب بن مالك وهلال بن ( أبي ) أمية الواقفي مرارة بن الربيع العمري من بني عمرو بن عوف هجرهم نحو خمسين ليلة وتركهم القريب والبعيد من المسلمين حتي أهلهم وزوجاتهم( سيرة ابن هشام:جزء2 )

കഅ്ബ് ബിൻ മാലിക്(റ) ഹിലാൽ ബിൻ ഉമയ്യത്ത് അൽ വാഖിഫി(റ), മിറാറത്ത് ബിൻ റബീഹ്(റ) എന്നീ സ്വഹാബികളെ തബൂക് യുദ്ധത്തിൽ പങ്കെടുക്കാത്തതിൻെറ പേരിൽ അമ്പത് രാത്രിയോളം സലാം പറഞ്ഞില്ല. മാത്രമല്ല കുടുംബക്കാരോട് അവർക്ക് സലാം പറയരുതെന്നും അവരുമായി ബന്ധംപാടില്ലെന്നും നബി(സ)പറഞ്ഞു. (സീറത്ത്ഇബ്ൻ ഹിശാം :ജുസ്അ് 2)
സുന്നികൾ പുത്തൻപ്രസ്ഥാനക്കാർക്ക് സലാം പറയുന്നില്ലെന്നുള്ള പരാതി പറയുന്നതിനു മുമ്പ് ഒരു കാര്യം മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്നു ഉണർത്തുന്നു. നുജാഹിദും ജമാത്തും പറയുന്നത് ഇവിടെയുള്ള സുന്നികൾ മുശ്രികും ഖുറാഫിയുമാണെന്നാണ്,സഹോദരിഅയക്കുന്ന മെയിലിൽ ഇമാമീങ്ങൾ ഉൾപ്പടെയുള്ളവരെക്കൂടി ആപട്ടികയിൽ ഉൾപ്പെടുത്തുന്നു. ഈമുശ്രിക്കുകളുടെ സലാംകൊണ്ട് നിങ്ങൾക്കെന്ത് നേടാനാണ്. ഈ അവസാന കാലത്ത് ഇറങ്ങിപ്പുറപ്പെട്ടനിങ്ങൾ പൂർവ്വീകരെ മുഴുവൻ നാഴികക്ക് നാൽപത്വട്ടം മുശ്രുക്കുംഖുറാഫിയുമാക്കിയിട്ട് നിങ്ങൾക്ക് ഒരു

www.islamkerala.com

കുഴപ്പവുമില്ല. ഞങ്ങൾ സലാംപറയാത്തതാണ് വലിയ പ്രശ്നം, അപ്പോൾ നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ ഞങ്ങളുടെ സലാം ആവശ്യമാണ് എന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത് ? സാരമില്ല ഞങ്ങളുടെ (സുന്നികളുടെ)സലാം കൊണ്ട് നിങ്ങൾ രക്ഷപ്പെടുകയാണെങ്കിൽ സുന്നികൾ നിങ്ങൾക്ക് സലാംപറഞ്ഞ് കൊള്ളാം, പക്ഷേ ഒരു നിബന്ധനമാത്രം സുന്നികളുടെ സലാം അത് മുസ്ലിംകളുടെ സലാമായി നിങ്ങൾപരിഗണിക്കണം, കാരണം وَٱلسَّلَامُ عَلَىٰ مَنِ ٱتَّبَعَ ٱلْهُدَىٰٓ "രക്ഷ ഉണ്ടാകുന്നത് സന്മാർഗ്ഗം പിൻപറ്റിയവർക്കാണ് "എന്നാണ് ഖുർആൻപറയുന്നത്. സന്മാർഗ്ഗം ലഭിച്ചവർക്കാണ്സലാം. നിങ്ങൾ സന്മാർഗ്ഗം ലഭിച്ചവരാവണമെങ്കിൽ ചുരുങ്ങിയത് മുശ്രിക് എന്ന് പറയുന്നതെങ്കിലും അവസാനിപ്പിക്കണം. അല്ലെങ്കിൽ ഒരു മുസ്ലിമിനെ മുശ്രിക്ക്എന്നോ കാഫിർ എന്നോ പറഞ്ഞാൽ,പറഞ്ഞവൻ കാഫിറാകുമെന്നാണ് പ്രവാചകൻ(സ)പഠിപ്പിച്ചിട്ടുള്ളത്.

## രണ്ടാം ചോദ്യത്തിനുള്ള മറുപടി

### വിഷയം (2) സ്ത്രീകൾക്ക് ഖുർആൻ പഠിക്കൽ ഹറാമാണെന്ന് സമസ്ത ഫത്‌വയോ ?

സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചാണല്ലോ സഹോദരിയുടെ രണ്ടാമത്തെ ചോദ്യം. മേലെ സൂചിപ്പിച്ചത്പോലെ കാന്തപുരം അവർകൾ അല്ല സ്ത്രീവിദ്യാഭ്യാസത്തിനെതിരായി ഫത്‌വ നൽകിയത്, ആ മഹാനോടുള്ള വ്യക്തി വൈരാഗ്യവും അസൂയയുമാണ് ഇത്തരം കുപ്രചരണങ്ങൾക്ക് കാരണം. ഇത്തരത്തിലുള്ള അസൂയകൾ സ്വയം നാശത്തിലേക്കെത്താനുള്ള കാരണമേ ആവുകയുള്ളൂ. അല്ലാഹു നമ്മെ കാക്കട്ടെ. ആമീൻ

സമസ്തയുടെ പൂർവ്വ കാലനേതാക്കൾ സ്ത്രീ വിദ്യാഭ്യാസത്തിനെതിരെ ഫത്‌വ നൽകിയത് മതവിദ്യാഭ്യാസമില്ലാതെയുള്ള ഭൗതിക വിദ്യാഭ്യാസത്തെയാണ്. മതവിദ്യാഭ്യാസത്തോടുകൂടിയുള്ള ഭൗതിക വിദ്യാഭ്യാസത്തെ സമസ്ത ഒരിക്കലുംഎതിർത്തിട്ടില്ല. അത്പോലെ സ്ത്രീകൾക്ക് ഖുർആൻ പഠിക്കുന്നത് ഹറാമാണെന്ന് സുന്നികൾ പറഞ്ഞതായി താങ്കളുടെ മറ്റൊരു മെയിലിൽ കാണാനിടയായി.

മൗലവിമാർ പറയുന്നത് ഇടതും വലതും നോക്കാതെ അതേപോലെ പറഞ്ഞ് നടക്കുന്നത് നല്ല ഏർപ്പാടല്ല കേട്ടോ, അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഇത്തരം കുപ്രചരണങ്ങളേറ്റു പറയാൻ എങ്ങിനെ സാധിക്കുന്നു എന്നുള്ളതാണ് അത്ഭുതപ്പെടുത്തുന്നത്, ഇൽമ് പഠിക്കൽ മുസ്ലിമായ എല്ലാ ആണിൻെറയും പെണ്ണിൻെറയും മേൽ ഫർള് ആണെന്നാണ് ഇസ്ലാം

www.islamkerala.com

കൽപിക്കുന്നത്. അത് സമസ്തയുടെ പാഠപുസ്തകത്തിൽ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമാണ്. പിന്നെ എങ്ങിനെ അതിനെതിരായി ഫത്‌വ കൊടുക്കും ? മൗലവിമാർ എന്ത് പൊള്ളത്തരം പറഞ്ഞാലും അത് അങ്ങിനെ തന്നെ സ്വീകരിക്കുന്നത് കുറച്ചെങ്കിലും വിവേകമുള്ള ഒരാൾക്ക് യോജിച്ചതല്ല. മുജാഹിദ് പ്രസ്ഥാനമാണ് ഇവിടെ സ്ത്രീകളെ ഖുർആൻ മന:പാഠമാക്കാൻ കൈ പിടിച്ചുയർത്തിയതെന്ന് താങ്കളുടെ മെയിലിൽ വായിക്കാനിടയായി. ഇത് അജ്ഞതകൊണ്ടുണ്ടായ വാദമാണെന്നേ അതിനെക്കുറിച്ച് പറയാൻ പറ്റുകയുള്ളൂ. കാരണം ഇവിടെ മുജാഹിദ് പ്രസ്ഥാനം ഇല്ലാത്ത കാലത്ത് തന്നെ ഖുർആൻ മന:പാഠമാക്കിയ സ്ത്രീകൾ എത്രയോ ഉണ്ടായിരുന്നു. ഉദാഹരണത്തിന് ഈ വിനീതൻെറ നാട്ടിൽ അതായത് ചെറുമ്പക്കടുത്ത് കുണിയയിൽ ഒരുഉമ്മാമ ഉണ്ടായിരുന്നു. അവർ ഖുർആൻ മന:പാഠമാക്കിയ സ്ത്രീയായിരുന്നു. അവരിൽ നിന്നാണ് ഈ വിനീതൻെറ മാതാവടക്കം പഴയകാല സ്ത്രീകൾ ഖുർആൻപഠിച്ചിരുന്നത്. അന്ന് മുജാഹിദോ ജമാഅത്തോ ലോകത്ത്തന്നെ ഉണ്ടായിരുന്നോ എന്നറിയില്ല. അക്കാലത്ത് “ഇല്ലത്തുമ്മ” എന്നപേരിൽ അറിയപ്പെടുന്ന ഇബാദത്തിൽ മാത്രം കഴിഞ്ഞിരുന്ന ആമഹതിയിൽ നിന്നാണ് നാട്ടിലെ മുഴുവൻ സ്ത്രീകളും ഖുർആൻ പഠിച്ചിരുന്നത്, ഈ വിനീതൻെറ മാതാവിന് തന്നെ സാധാരണ വലിയ സൂറത്തുൾപ്പടെ ഒട്ടേറെ സൂറത്തുകൾ തജ്‌വീദ് പ്രകാരം മന:പാഠമാണ്. ഇതൊക്കെ ഇവിടെമുജാഹിദ് പ്രസ്ഥാനം വന്നത് കൊണ്ടാണോ ഉണ്ടായത് ? വല്ലതും പബ്ലിക് ആയി എഴുതി വിടുമ്പോൾ ചിന്തിക്കണ്ടേ ? ഇപ്പോൾതന്നെ എൻെറ മഹല്ലിൽ ഒരുമുജാഹിദോ ജമാഅത്ത്കാരോ ഇല്ല. മുഴുവൻ പഴയകാല സുന്നികളാണ്.

ഇനി അത് ഒറ്റപ്പെട്ടതാണെന്ന് പറയണ്ട, പഴയകാല സമസ്തനേതാവിൻെറ ഭാര്യയായ ഒരു മഹതിയുടെ ചരിത്രവും കൂടിമനസ്സിലാക്കിക്കോ അതായത് കുട്ടിയാമു (കുട്ടി അഹമ്മദ്) മുസ്‌ലിയാരുടെമകളും സമസ്തയുടെ ആദ്യകാല നേതാവായ പുതിയാപ്പിള അബുറഹ്മാൻ മുസ്‌ലിയാരുടെ ഭാര്യയുമായ അവരുടെ പേര് എൻെറ ഓർമ്മ ശരിയാണെങ്കിൽ ഫാതിമ എന്നാണ് ഉസ്താദ് പറഞ്ഞതെന്ന് ഓർക്കുന്നു. ആ മഹതി ഇസ്‌ലാമിക വിഷയത്തിൽ ഖുർആനിലും ഹദീസിലും അത് പോലെ ഫിഖ്ഹിലും ആഗാധ പാണ്ഡിത്യമുള്ളവരായിരുന്നു. അന്നുള്ള സ്ത്രീകൾക്ക് ദർസ് നടത്തിയിരുന്ന തികഞ്ഞ പണ്ഡിതയായിരുന്നു. പക്ഷേ, ഇത്രവലിയ ഇൽമ് നേടിയ മഹതിയായിട്ട് പൊലും അത് നാട്ടുകാരെ അറിയിക്കാനോ പൂർവ്വകല പണ്ഡിതരെ വിമർശിക്കാനോ അവർ മുതിർന്നിട്ടില്ല, കാരണം അവരെ നയിച്ചത് ഇസ്‌ലാമിക അച്ചടക്കവും തികഞ്ഞ ഭയഭക്തിയുമാണ്.

ഇനിയും വേണോ ? സമസ്തയുടെ സ്ഥാപകനേതാക്കളിരൊളായാ ബഹു: മർഹൂം ശംസുൽഉലമ ഖുതുബി മുഹമ്മദ് മുസ്‌ലിയാരുടെ ഭാര്യ ബുഖാരി

www.islamkerala.com

മുസ്ലിം അത് പോലെ തഫ്സീർ എന്നിവ വെച്ച് അക്കാലത്തുള്ള സ്ത്രീകൾക്ക് ദർസ്നടത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ടവരുടെ ചരിത്രപുസ്തകത്തിൽ പറയുന്നു. ഇവരാണോ സ്ത്രീകൾ വിദ്യ അഭ്യസിക്കുന്നതും ഖുർആൻ പഠിക്കുന്നതും ഹറാമാണെന്ന് പറഞ്ഞവർ ?'സലഫി ഉസ്താദ് 'ൻെറ മാത്രം പ്രസംഗം കേട്ടാൽ ഇതു മാത്രമല്ല ഇതിനു അപ്പുറമുള്ളതും നിങ്ങൾ പറഞ്ഞുനടക്കും. ഡോക്ടർമാരിലും  ചിന്താശക്തി മരവിച്ചുപൊയവർ ഉണ്ടെന്ന് സഹോദരിയിൽ നിന്ന് നമുക്ക് കിട്ടുന്നത് വലിയൊരു പാഠമാണ്.

കാലം ചലിക്കുന്നതിനനുസരിച്ച് ജനങ്ങളിൽ മാറ്റം വരുന്നു എന്നല്ലാതെ അത് വിദ്യാഭ്യാസ മേഖലയിലായാലും മറ്റേത്മേഖലയിലായാലും കാണാൻ സാധിക്കുന്നത് ആർക്കും അറിയുന്ന കാര്യമാണ്. അത് സ്ഥാപിക്കാൻ വാദപ്രധിവാദത്തിൻെറയോ ഖണ്ഡനങ്ങളുടേയോ ആവശ്യമില്ല അത് പോലെ ദുഷിച്ച ചെയ്തികളിലേക്ക് നോക്കിയാലും ഇക്കാലത്ത് പഴയകാലത്തേക്കൾ വളരെ കൂടുതലായിട്ടുണ്ട്. ഇതൊക്കെ ഏതെങ്കിലും പ്രസ്ഥാനത്തിൻെറ അക്കൗണ്ടിൽ വരവ്വെക്കാൻ പറ്റുമോ ? ഒരുകാലത്ത് കള്ള് കുടിച്ചിരുന്ന മുസ്ലിംകൾ എണ്ണാൻതന്നെ കിട്ടുമായിരുന്നില്ല. അതേസമയം ഇന്നത്തെ അവസ്ഥയോ കള്ള് കുടിക്കാത്തവരെ എണ്ണിനോക്കേണ്ട അവസ്ഥയിലേക്കാണ് കാലംഎത്തിയിട്ടുള്ളത്. ഇത് മുജാഹിദ് ജമാഅത്ത് കാരെക്കൊണ്ടുണ്ടായതാണെന്ന് താങ്കൾപറയാൻ തയ്യാറാവുമോ ? ആയതിനാൽ സഹോദരീ, കാലത്തിനനുസരിച്ച് ലോകത്ത് പലമാറ്റങ്ങളും സംഭവിക്കുന്നു അതൊക്കെ ഏതെങ്കിലും പ്രാസ്ഥാനക്കാർ അവകാശപ്പെടുന്നത് ചിന്തിക്കുന്നജനങ്ങളെ ചിരിപ്പിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ താങ്കളൊന്ന് നിഷ്പക്ഷമായി വിലയിരുത്തിനോക്ക്.

സഹോദരീ,,,,തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ചിനു മുമ്പ് ഇൻറർനെറ്റ് എന്നത് ആർക്കും അറിയാത്ത കാര്യമാണ്. അന്ന് അടുക്കളയിൽ ജോലി ചെയ്ത് കഴിഞ്ഞിരുന്ന സ്ത്രീകൾ പൊലും ഇന്ന് (അത് വിദ്യാഭ്യാസം ഉള്ളവരാകട്ടെ ഇല്ലാത്തവരാകട്ടെ) കംപ്യൂട്ടറിൻെറ മുമ്പിലുരുന്നു ചാറ്റിംഗിലൂടെയും ഇമെയിലിലൂടെയും മറ്റുള്ളവരുമായി സംവദിക്കുന്നു. ഇതൊക്കെ മുജാഹിദ് പ്രസ്ഥാനത്തിൻെറ അക്കൗണ്ടിൽ വരവ്വെക്കുമോ ? കാണാൻ കൊള്ളാവുന്നതിൻെറയൊക്കെ പിതൃത്വം ഏറ്റെടുക്കുന്ന മുജാഹിദ് പ്രസംഗകർ ചിലപ്പോൾഇതിൻെറപിതൃത്വവും ഏറ്റെടുത്തേക്കും. "പഴയകാലത്ത് മുസ്ലിം സ്ത്രീകൾ അടിപ്പാവാട ധരിക്കാറില്ലായിരുന്നു. മുജാഹിദ് പ്രസ്ഥാനമാണ് അത് ധരിപ്പിച്ചതെന്ന് "ഒരു കൂസലും കൂടാതെ മുജാഹിദ് നേതാവ് മുജാഹിദ് ബാലുശ്ശേരി പരസ്യമായി പ്രസംഗിക്കുന്നതിൻെറ സി ഡി

www.islamkerala.com

നമ്മൾ കേട്ടതാണ്. ഇവരുടെ അവകാശവാദത്തിൻെറ ധാർമ്മികത മന സ്സിലാക്കാൻ വേണ്ടി മാത്രമാണ് ഇത് ഇവിടെ ഉദ്ധരിച്ചത് മാന്യ വായന ക്കാർ ഈ വിനീതനോട് ക്ഷമിക്കുക. സത്യം പറഞ്ഞ് കൊടുക്കുക എന്ന ല്ലാതെ വ്യക്തിഹത്യ ചെയ്യുന്നതിനോട് നമുക്ക് യോജിപ്പില്ല. ദീനീ ദഅ്വ ത്ത് നടത്തുന്നവർക്ക് അതൊരിക്കലും പാടില്ലാത്തതാണ്.

# മൂന്നാം ചോദ്യത്തിനുള്ള മറുപടി

## വിഷയം(3) സ്ത്രീധനം ഹറാമാണോ ?

മറ്റൊരു കാര്യം താങ്കൾ ചോദിച്ചത് സ്ത്രീധനത്തെക്കുറിച്ചാണ്. ഇസ്ലാമിൽ ഒരുകാര്യം ഹറാമല്ലാത്തത് ഹറമാണെന്ന് പറയാൻ പറ്റില്ല. അതിനാലാ ണ് സുന്നി പണ്ഡിതർ സ്ത്രീധനം വാങ്ങൽ ഹറാമാണെന്ന് പറയാത്ത്. അ തേ സമയം ഇന്ന് കാണുന്ന സ്ത്രീധനത്തിനു വേണ്ടിയുള്ള വില പേശൽ ഒരു നിലക്കും പണ്ഡിതന്മാർ അതിനോട് യോജിക്കുന്നില്ല.
പണ്ഡിതൻെറ മകളെ കെട്ടിക്കുമ്പോഴും ഈസ്ത്രീധനം എന്ന വിപത്ത് വേട്ട യാടുന്നു എന്നുള്ളത് താങ്കളെന്തേ കാണാതെ പോയത് ? സ്ത്രീധനത്തിനു പണ്ഡിതനെന്നോ പാമരനെന്നോ മുജാഹിദെന്നോ സുന്നിയെന്നോ ഉണ്ടോ ? പിന്നെ എന്തിൻെറ പേരിലാണ് അത് സുന്നി പണ്ഡിതരുടെ തലയിൽ കെട്ടിവെക്കുന്നത് ? മുജാഹിദുകൾ സ്ത്രീധനം ചോദിച്ചു വാങ്ങിയ കഥകൾ എത്രയുണ്ട് ? എണ്ണിപ്പറയണോ ?

നിങ്ങളുടെ ശരീരത്തെ നിങ്ങൾ നാശത്തിലാക്കല്ലേ എന്ന് ഖുർആൻ പറ യുന്നു. നാട്ടിൽ സിഗരറ്റ്വലിച്ചൂതി സ്വന്തം ശരീരത്തെയും മുതലിനെയും നശിപ്പിക്കുന്നവർ ഇല്ലേ ? അതും കൂടി നിങ്ങൾക്ക് സുന്നി കണക്കിൽ പെടുത്താമായിരുന്നില്ലേ ? ചുരുക്കിപ്പറഞ്ഞാൽ നാട്ടിൽ നടന്നു വരുന്ന എ ല്ലാ നൂലാമാലകളും സുന്നികളുടെ അക്കൗണ്ടിലേക്ക് മാറ്റി തടിയൂരാൻ നിങ്ങൾക്ക് കഴിയില്ല. നിങ്ങളുടെനേതാവു എംഎം അക്ബർ പ്രസംഗിച്ചു കൊണ്ടിരിക്കെ ഒരു സ്ത്രീ ചോദിച്ചു 'സ്ത്രീധനം മുജാഹിദുകളും ചോദിച്ചു വാങ്ങുന്നുണ്ടല്ലോ' അതിൻെറ ഇസ്ലാമിക വിധി എന്താണെന്ന് ചോദിച പ്പോൾ എം എം അക്ബർ പറഞ്ഞ മറുപടി ഈവിനീതൻ മുമ്പ് നെറ്റിൽ അയച്ചതാണ്. അതെക്കുറിച്ച് 'ഫിഖ്ഹിൻെറ പണ്ഡിതന്മാരോട് നിങ്ങൾ ചോദിക്കൂ' എന്നാണ് അദ്ദേഹം പരസ്യമായി പറഞ്ഞത്. ഉത്തരം മുട്ടുന്ന സമയത്ത് നിങ്ങൾക്ക് ഇമാമീങ്ങളുടെ ഫിഖ്ഹ് പറ്റും അല്ലേ ? സ്ത്രീധന ത്തെക്കുറിച്ച പരസ്യമായ ചോദ്യം വരുമ്പോൾ എന്തേ നിങ്ങൾക്ക് ഹറാം എന്ന് പറയാൻ നാവിന് ശക്തിയില്ല ? ഉപചോദ്യങ്ങൾ വന്നാൽ കുടുങ്ങു മെന്നാലോചിച്ചാകാം അല്ലേ ?

www.islamkerala.com

ഇസ്ലാമിൽ ഹറാമല്ലാത്ത ഒരു വിഷയത്തെക്കുറിച്ച് ഹറാമാണെന്ന് പറയാൻ ഒരു നിർവ്വാഹവുമില്ല. കണ്ടതൊക്കെ ഹറാമാണ് എന്ന് പറഞ്ഞു നടന്നാൽ പൂർവീക പ്രവാചകന്മാരുടെ കാലശേഷം അവരുടെ പിൻഗാമികൾ ഹറാമിനെ ഹലാലാക്കി ഹലാലിനെ അവർ ഹറമാകിയത് പോലെ അല്ലാഹുവിനെ ഭയപ്പെട്ട് ജീവിക്കുന്നവർക്ക് പറ്റില്ല. മുജാഹിദുകൾക്ക് അതൊന്നും ചിന്തിക്കേണ്ട,കാരണം അവർമതഗ്രന്ഥങ്ങൾ ആഴത്തിൽ പഠിച്ചവരല്ല അത് കൊണ്ട് തന്നെ അവർക്ക് തോന്നിയത് അവർ ഹറാമാക്കുന്നു, എന്നത് മാത്രമാണ്. ഇത്തരം മാറ്റത്തിരുത്തലുകൾക്ക് വേണ്ടിയാണവർ മദ്ഹബ് അംഗീകരിക്കാത്തതിൻെറ മുഖ്യകാരണം.

വിനയത്തോടെ ഞാൻ താങ്കളോട് ഒന്നു ചോദിച്ചോട്ടെ ?

മുജാഹിദ് പ്രസ്ഥാനം വന്നിട്ട് ഒരു എൺപത് വർഷമല്ലേ ആയുള്ളൂ അതിനു മുമ്പുണ്ടായിരുന്ന സ്ത്രീകളെയും ഇന്നുള്ള സ്ത്രീകളെയും താരതമ്യം ചെയ്താൽ ദീനിൻെറ വിഷയത്തിൽ ആരായിരിക്കും മുൻപന്തിയിൽ ഉണ്ടാവുക എന്ന് നിഷ്പക്ഷമായി, അല്ലാഹുവിനെ മുൻ നിറുത്തി ഒന്ന് പറയാമോ ?

മുജാഹിദ് ജമാഅത്ത് ഇസ്ലാമി വിഭാഗങ്ങൾ കേരള മുസ്ലിംകൾക്കിടയിൽ കയറിക്കൂടുന്നതിനുമുമ്പ് ഇന്ന് കാണുന്ന രീതിയിൽ സ്ത്രീധനത്തിൻെറപേരിൽ ഏതെങ്കിലുംപെൺകുട്ടിയുടെ"മാനത്തിനുവിലപറഞ്ഞു കൊണ്ട് മുസ്ലിം സഹോദരിമാരെയും അവരുടെ മാതാപിതാക്കളെയും അന്ന് കണ്ണീർ കുടിപ്പിച്ചതായി " പരിശുദ്ധനായ അല്ലാഹുവിനെ സാക്ഷി നിർത്തി താങ്കൾക്ക് ഒരു ഉദാഹരണം കാണിക്കാൻ പറ്റുമോ ?

ഈപറഞ്ഞ വിവരങ്ങളോട് താങ്കൾയോജിക്കിന്നുണ്ടോ എന്നറിയില്ല. എന്നാലും ഒരുകാര്യം താങ്കളോട് പറയാം, നാംആരെയും തെറിവിളിച്ച് മെയിൽഅയച്ചത് കൊണ്ട് ഇസ്ലാമികമായി നാംഒരു നന്മചെയ്തഫലം നമുക്ക് കിട്ടില്ല, കാരണം പ്രവാചകന്മാർഇവിടെ ദഅ്വത്ത് നടത്തിയത് എതിരാളികളെ തെറിവിളിച്ചു കൊണ്ടല്ല. പ്രവാചകന് ശേഷമുള്ള സലഫുസ്വാലിഹുകളും മതപ്രബോധനം ചെയ്തത് മറ്റുള്ളവരെ തെറിവിളിച്ചോ അല്ലെങ്കിൽ മുശ്രിക്കാകിയോ അല്ല. മറിച്ച് സത്യം അവരുടെ ജീവിതത്തിലൂടെ സ്വഭാവത്തിലൂടെ കാണിച്ച് കൊണ്ടാണ് ഇസ്ലാമിലേക്ക് ആളുകളെ ആകർഷിപ്പിച്ചത്. അല്ലാതെ ഇന്ന് മുജാഹിദ് സ്വീകരിച്ച വഴിയായിരു

www.islamkerala.com

ന്നില്ല അവരുടേത്. ഇനി എങ്ങാനും ഈ മുജാഹിദുകളുടെ സ്വഭാവത്തി ലായിരുന്നു അവർ ദീൻ പ്രബോധനം നടത്തിയിരുന്നതെങ്കിൽ ഇസ്‌ലാം ഇന്ന് കാണുന്നത് പോലെ വളർന്ന് പന്തലിക്കുമായിരുന്നില്ല, മറിച്ച് സംസ് കാരമില്ലാത്ത പരസ്പരം സ്നേഹമില്ലാത്ത ഒരുസമുദായമായായിരുന്നു ഇ സ്‌ലാമിനെക്കുറിച്ച് മറ്റുള്ളവർക്കുണ്ടാവുന്ന ധാരണ. കഴിഞ്ഞകാലങ്ങളി ലെ മഹത്തുക്കളുടെ ജീവിതം അതിന് വഴിവെച്ചിട്ടില്ല. നമ്മുടെകാല ശേ ഷം വരുന്നവർ നമ്മെ വിലയിരുത്തിയായിരിക്കും അക്കാലത്തുള്ളവർ ഈ വിശുദ്ധ മതത്തെ കണ്ടറിയുക.

നമ്മുക്കുണ്ടാവേണ്ട സ്വഭാവത്തെക്കുറിച്ച് ഖുർആൻ പറയുന്നത്കാണുക.

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെഭാര്യമാരിലും സന്താനങ്ങളിലുംനിന്ന് സന്തോഷം ലഭിക്കുന്ന കാര്യങ്ങൾ ഞങ്ങൾക്ക് നീ പ്രധാനം ചെയ്യേണമേ! നീ ഞങ്ങളെ ഭക്തന്മാർക്ക് മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പ്രാർ ത്ഥിക്കുന്നവരുമാണ് (അല്ലാഹുവിന്റെ അടിമകൾ) (അൽ ഫുർഖാൻ 74)

താങ്കൾക്ക് സത്യമാണെന്ന് തോന്നുന്നത് താങ്കൾക്ക് സ്വീകരിക്കാം, പ ക്ഷേ, അത് മഹാന്മാരെ ചീത്തവിളിച്ച് സ്വയം ശരീരത്തെ നശിപ്പിക്കാൻ വേണ്ടിയാവരുതെന്ന് മാത്രം, സുന്നി പക്ഷത്തുള്ളവരിൽനിന്നായാൽ പോ ലും ഈ ശൈലിയോട് യോജിക്കാൻ സാധ്യമല്ല.

സത്യം സത്യമായി മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിക്കുവാനും നാഥാൻ നമ്മെ തുണക്കട്ടെ എന്ന പ്രാർത്ഥനയോടെ,

സഹോദരൻ, സി. പി. അബ്ദുല്ല ചെരുമ്പ

Type your text

www.islamkerala.com
E-mail : abdulla_cherumba@yahoo.com
Mobile : 0091 9400534861

www.islamkerala.com